# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മേപ്പയൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി6/1706/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 23/11/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി6/1706/2023 തീയ്യതി: 23/11/2023

## കോഴിക്കോട് ജില്ലയിലെ മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2022 മുതൽ 01-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജോഷോ ബെന്നറ്റ് ജോൺ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 02-11-2023 | 09-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 02-11-2023 | 09-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ബാലകൃഷ്ണൻ കെ.എം,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ),
രാജീവൻ എൻ , സീനിയർ ഗ്രേഡ് ഓഡിറ്റർ,
ജാസിർ സി.എം,സീനിയർ ഗ്രേഡ് ഓഡിറ്റർ,
വിനിത ടി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാജൻ കെ.ടി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. രാജേഷ് എ | സെക്രട്ടറി | 01-04-2022 | 22-04-2022 |
| ശ്രീ. മന്ദ എസ് | സെക്രട്ടറി | 23-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ദീപ ടി | അസി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി അശ്വിനി ടി.എൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി സുനന്ദ ടി | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീമതി പ്രീത ഇ.കെ | സീനിയർ വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി റീനകുമാരി പി | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2022 | 31-03-2023 |
| ഡോ. ദിവ്യശ്രീ | മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ഡോ.സ്വപ്ന സി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.വിക്രം വി.വി | മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ശ്രീ.വിപിൻദാസ് പി.വി | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീ. രജീഷ് സി.കെ | വി.ഇ.ഒ | 01-04-2022 | 14-06-2022 |
| ശ്രീമതി വിപിന സി.ടി | വി.ഇ.ഒ | 15-06-2022 | 26-12-2022 |
| ശ്രീ. മോഹനൻ പി.കെ | വി.ഇ.ഒ | 27-12-2022 | 10-01-2023 |
| ശ്രീമതി ജയശ്രീ | വി.ഇ.ഒ | 11-01-2023 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി. അമ്പിളി എൻ.കെ | ഡി.എഫ്.ഐ | 01-04-2022 | 31-03-2023 |
| ശ്രീ. സന്ദീപ് എ | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷികകണക്കിൽ പത്രികകൾ ഉൾപ്പെടുത്താത്തത് സംബന്ധിച്ച് | 1-1-1 |
| 3 | ക്യാഷ്-ഫ്ലോ പത്രിക | 1-1-2 |
| 4 | രസീത് തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-4 |
| 6 | ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. | 1-1-5 |
| 7 | ആസ്തികൾക്ക് തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കിയിട്ടില്ല | 1-1-6 |
| 8 | രജിസ്റ്റർ സൂക്ഷിപ്പ് | 1-1-7 |
| 9 | ഇ-ടെണ്ടർ ഫീ | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 12 | ഫണ്ട് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | ആഭ്യന്തരനിയന്ത്രണം | 1-6 |
| 15 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 16 | ടാക്സ് ഓഡിറ്റ് | 1-8 |
| 17 | രശീതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-9 |
| 18 | വാടക -യഥാസമയം അടവാക്കുന്നില്ല. | 1-10 |
| 19 | ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടും ക്ഷേമപെൻഷൻ സമയബന്ധിതമായി സസ്പെൻഡ് ചെയ്തില്ല. | 1-11 |
| 20 | കുടിവെള്ള പദ്ധതികളുടെ മോട്ടോർ മാറ്റിസ്ഥാപിക്കൽ - അപാകതകൾ | 1-12 |
| 21 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല. | 1-13 |
| 22 | പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ ടെണ്ടർ ഫീസ് അടവാക്കുന്നതിൽ വീഴ്ച | 1-14 |
| 23 | എസ്.എസ്.കെ.വിഹിതം നൽകുന്നതിൽ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല | 1-15 |
| 24 | ആയുർവ്വേദ ആശുപത്രിയിലേക്ക് അധിക വിലയുള്ള ലാപ് ടോപ്പ് വാങ്ങി | 1-16 |
| 25 | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ കമ്മറ്റിക്ക് കൈമാറിയില്ല. | 1-17 |
| 26 | പഞ്ചായത്തിൽ 'ടേക്ക് എ ബ്രേക്ക്' പ്രവർത്തനം ആരംഭിച്ചില്ല | 1-18 |
| 27 | തൊഴിൽ സംരംഭങ്ങൾക്ക് ഊന്നൽ നൽകി പദ്ധതി രൂപീകരിക്കുന്നതിൽ വീഴ്ച | 1-19 |

| | | |
|---|---|---|
| 28 | പെണ്ണാട് വിതരണം(വനിത) പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-20 |
| 29 | ഫിഷറീസ് / വനിതാ മേഖലകളിൽ പദ്ധതി നടപ്പാക്കിയില്ല | 1-21 |
| 30 | ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന് സ്വന്തമായി കെട്ടിടമായില്ല | 1-22 |
| 31 | ഹരിത കർമ്മസേന പ്രവർത്തനങ്ങളിലെ അപാകതകൾ | 1-23 |
| 32 | റോഡ് കണക്ടിവിറ്റി മാപ്പിംഗ് വിശദാംശങ്ങൾ ലഭ്യമല്ല | 1-24 |
| 33 | കുടുംബാരോഗ്യ കേന്ദ്രം ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിൽ വീഴ്ച | 1-25 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215 (4) പ്രകാരം പഞ്ചായത്തിന്റെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 06.07.2023തിയ്യതിയിലെ 05/209/23 തീരുമാന പ്രകാരം തയ്യാറാക്കി 10.07.2023 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മേപ്പയ്യൂർ ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത്, പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് അക്കൗണ്ട് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്തി രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.
അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മേപ്പയ്യൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷികകണക്കിൽ പത്രികകൾ ഉൾപ്പെടുത്താത്തത് സംബന്ധിച്ച്

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാഃ-റേഷ്യോസ്, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ

### 1-1-2 ക്യാഷ്-ഫ്ലോ പത്രിക

വാർഷിക കണക്കിനോടൊന്നിച്ച് സമർപ്പിച്ച ക്യാഷ്-ഫ്ലോ പത്രികയിലെ ആകെ ക്യാഷ്-ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ആകെ ക്യാഷ് ഫ്ലോ( A+B+C) – 27412298/-

മുന്നിരിപ്പും നീക്കിയിരിപ്പ് തുകയും തമ്മിലുള്ള വ്യത്യാസം – 1404540/-

### 1-1-3 രസീത് തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി

രസീത് തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി. പിന്നീട് ജേർണൽ മുഖേന തിരുത്തിയിട്ടില്ല.

ഓഡിറ്റ് റിക്കവറി ഇനത്തിൽ അക്കൗണ്ട് ചെയ്യേണ്ടിയിരുന്ന 20881/- രൂപ "Recovery From Employees-Others" എന്ന ശീർഷകത്തിൽ വരവായി ഉൾപ്പെടുത്തി.

### 1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

വസ്തു നികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി വരുത്തുന്നില്ല. 2022-23 വർഷത്തിൽ വസ്തു നികുതി ഡിമാന്റ് എൻട്രി വരുത്തിയത് 2023 മാർച്ച്-31 തിയ്യതിയിലാണ്.

### 1-1-5 ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

സ്ഥാപനം ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ ഭാഗമായി ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

### 1-1-6 ആസ്തികൾക്ക് തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കിയിട്ടില്ല

ആസ്തികൾക്ക് തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ആയത് ജേർണൽ മുഖേന രേഖപ്പെടുത്തിയിട്ടില്ല.

### 1-1-7 രജിസ്റ്റർ സൂക്ഷിപ്പ്

വാർഷിക കണക്ക് ബി-14 പ്രകാരം സ്റ്റോക്ക് ഇൻ ഹാൻഡ് ഇനത്തിൽ ക്ലോസിംഗ് സ്റ്റോക്ക് ആയി 35000/- രൂപ നീക്കിയിരിപ്പുണ്ട്. മേൽ തുകയെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

### 1-1-8 ഇ-ടെണ്ടർ ഫീ

ഇ-ടെണ്ടർ ഫീ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട തുക നിലവിൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് വരവ് വെക്കുന്നത്. ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള വിഹിതം ഡിമാന്റ് ചെയ്ത് ആയത് ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ ബി-15 ൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 25-03-2022 തീയതിയിലെ 1/77/2022 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 21.03.2023 തീയതിയിലെ 1/100/23 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,04,63,726 |
| വരവ് | 4,69,81,275 |
| ആകെ | 6,74,45,001 |

| | |
|---|---|
| ചെലവ് | 4,55,76,735 |
| നീക്കിയിരിപ്പ് | 2,18,68,266 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 2,26,38,000 | 2,26,38,000 | 2,17,35,144 | 9,02,856 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 39,42,961 | 39,42,961 | 39,42,961 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | | 0 | 80,48,000 | 80,48,000 | 54,36,776 | 26,11,224 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 61,14,000 | 61,14,000 | 48,34,210 | 12,79,790 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് (Tied) | PFMS | 38,22,908 | 46,78,899 | 85,01,807 | 38,92,693 | 46,09,114 |
| | TREASURY | 0 | 2,24,213 | 2,24,213 | 0 | 2,24,213 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺ-ടൈഡ് (Untied) | PFMS | 14,42,200 | 32,90,300 | 47,32,500 | 16,42,387 | 30,90,113 |
| | TREASURY | 0 | 0 | 0 | 0 | 0 |

## 1-5 പദ്ധതി അവലോകനം

തൻവർഷം 162 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 126 പ്രൊജക്ടുകൾ നടപ്പിലാക്കി. 18,92,74,588 രൂപ പദ്ധതി അടങ്കലായി വകയിരുത്തിയതിൽ 6,59,55,375 രൂപയാണ് ചെലവ്. എസ്.സി.പി ഫണ്ട് മുഴുവൻ ചെലവഴിച്ചിട്ടുണ്ട്. ഫിഷറീസ്, ചെറുകിട വ്യവസായം, വനിതാ ഘടകപദ്ധതി എന്നീ മേഖലകളിൽ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. അസിസ്റ്റന്റ് സെക്രട്ടറി പദ്ധതികൾ നടപ്പാക്കിയിട്ടില്ല. ടേക്ക് എ ബ്രേക്ക് പദ്ധതി പ്രവർത്തനമാരംഭിച്ചിട്ടില്ല. ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് സ്വന്തമായി കെട്ടിടമില്ല. പൂർത്തിയാക്കിയ കുടിവെള്ള പദ്ധതികൾ കരാർ വെച്ച് പരിപാലന കമ്മിറ്റിക്ക് കൈമാറാത്ത കേസുകൾ കാണുന്നുണ്ട്.

സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിൽ 2266 ഹെക്ടർ കൃഷിഭൂമിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആകെ പദ്ധതി ചെലവിന്റെ 3.36% മാത്രമാണ് കാർഷിക മേഖലയിലെ ചെലവ്. മൃഗസംരക്ഷണ മേഖലയിൽ ഇത് 3.6% ആണ്. വികസനഫണ്ട് (ജനറൽ), മെയിന്റനൻസ് ഗ്രാന്റ്, സി.എഫ്.സി (ടൈഡ്) എന്നീ ഇനങ്ങളിൽ 50,18,083 രൂപ ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ഇനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് | 0 | 2,26,38,000 | 2,26,38,000 | 2,17,35,144 | 9,02,856 |

| | | | | | |
|---|---|---|---|---|---|
| (ജനറൽ) | | | | | |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 80,48,000 | 80,48,000 | 54,36,776 | 26,11,224 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) | 0 | 61,14,000 | 61,14,000 | 48,34,210 | 12,79,790 |
| സി.എഫ്.സി,ടൈഡ് (ട്രഷറി മുഖേന) | 0 | 2,24,213 | 2,24,213 | 0 | 2,24,213 |
| ആകെ | | | | | 50,18,083 |

## 1-6 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. 02.11.2023 ലെ ഐ.എൽ.ജി.എം.എസ് റിപ്പോർട്ട് പ്രകാരം വിവിധ സെക്ഷനുകളിലെ ഫയലുകൾ തീർപ്പാക്കുന്നതിലെ കാലതാമസം താരതമ്യേന കുറവാണ്. സ്റ്റാഫ് മീറ്റിംഗുകൾ യഥാസമയങ്ങളിൽ വിളിച്ച് ചേർത്തിട്ടുണ്ട്. ഇലക്ട്രോണിക് ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഇക്കാര്യം ചൂണ്ടിക്കാട്ടിയിരുന്നെങ്കിലും അപാകത പരിഹരിച്ചിട്ടില്ല. ഉപകരണങ്ങൾ വാങ്ങിയ തിയ്യതി, വാറണ്ടി കാലയളവ്, സ്പെസിഫിക്കേഷൻ എന്നിവ രേഖപ്പെടുത്താത്ത കേസുകൾ കാണുന്നു. രജിസ്റ്ററിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുകയോ മേലുദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ജീവനക്കാരുടെ ജോലിവിഭജനരേഖ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കാനുള്ള മുഴുവൻ തുകയും പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല. മരണപ്പെട്ടവരുടെ ക്ഷേമ പെൻഷനുകൾ യഥാസമയങ്ങളിൽ സസ്പെൻഡ് ചെയ്യപ്പെടുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.11.23 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5154/- രൂപയുടെ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-8 ടാക്സ് ഓഡിറ്റ്

കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 200, 203, 204 അനുബന്ധ ചട്ടങ്ങൾ എന്നിവ പ്രകാരം വസ്തുനികുതി, തൊഴിൽ നികുതി, സേവന ഉപനികുതി എന്നിവ ഈടാക്കുന്നതിനുള്ള അധികാരം ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. പഞ്ചായത്തുകളുടെ പ്രധാന വരുമാനമാർഗ്ഗങ്ങളാണ് നികുതി വരവുകളായ വസ്തു നികുതി, തൊഴിൽ നികുതി, സേവന ഉപനികുതി, വിനോദ നികുതി എന്നിവ.

<u>തൊഴിൽ നികുതി</u>

പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ ബിസിനസിലോ ഉദ്യോഗത്തിലോ ഏർപ്പെട്ടിരിക്കുന്നവരുടെയും മറ്റെന്തെങ്കിലും ആദായം ലഭിക്കുന്നവരുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ്-204)

എഫ് ടി ഇ &ഒ എസ് ലൈസൻസിനായുള്ള അപേക്ഷകൾ പരിശോധിച്ചപ്പോൾ ചില സ്ഥാപനങ്ങളിൽ ഒന്നിൽ കൂടുതൽ തൊഴിലാളികൾ ജോലി ചെയ്യുന്നതായി കാണുന്നു. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ഈ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഉദാ:-

| കെട്ടിട നം. | സ്ഥാപനത്തിന്റെ ഉടമയുടെ പേര് | തൊഴിലാളികളുടെ എണ്ണം |
|---|---|---|
| 4/267D | രജീഷ്.കെ.കെ | 4 |
| 8/1403 | നാസർ.വി.കെ | 2 |
| 15/382 C | വിജീഷ്.ടി.പി. | 3 |

കൂടാതെ റേഷൻ കടയുടമകളിൽ നിന്നും കെട്ടിടം വാടകയ്ക്ക് നൽകി വരുമാനമാർജ്ജിക്കുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

പൂർണ്ണമല്ലാത്ത റിട്ടേണുകളിൽ തൊഴിൽ നികുതി ചുമത്തുന്നു

കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 205എഫ് പ്രകാരം ഓരോ വർഷവും ആഗസ്റ്റ് മാസത്തിന്റേയും ഫെബ്രുവരി മാസത്തിന്റേയും അവസാനത്തിനു മുൻപ് ഓരോ ആഫീസ് മേധാവിയും തൊഴിലുടമയും, നികുതി അടയ്ക്കേണ്ടതായ എല്ലാ ജീവനക്കാരുടെയും നികുതി തിട്ടപ്പെടുത്തേണ്ടതും അവരിൽ നിന്നും തുക ഈടാക്കേണ്ടതും ആ തുക, നികുതി തിട്ടപ്പെടുത്തിയ എല്ലാ ജീവനക്കാരുടേയും പേര്, ഉദ്യോഗപ്പേര്, അർദ്ധവാർഷിക വരുമാനം, ഈടാക്കിയ നികുതിത്തുക എന്നിവയുടെ ഒരു ലിസ്റ്റ് സഹിതം നൽകേണ്ടതും, സമർപ്പിച്ചിട്ടുള്ള പ്രസ്താവനയിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ ജീവനക്കാരെയും ഉൾപ്പെടുത്തിയിട്ടുണ്ടെന്നു കാണിച്ചു കൊണ്ടുള്ള ഒരു സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.

എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്താതെയാണ് റിട്ടേണുകൾ സമർപ്പിച്ചിട്ടുള്ളത്.

1.എവർഷൈൻ ബിൽഡ്

2.നോവ ബിൽഡേഴ്സ്

3.എം.സ്റ്റൈൽ ബിൽഡേഴ്സ്

4.കെ.കെ. ബിൽഡേഴ്സ്

5.മറ്റും ഭാഗം ലേബർ കോണ്ട്രാക്ടേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റി

തൊഴിൽ നികുതി - ചട്ടപ്രകാരമുള്ള തുകയേക്കാൾ കുറഞ്ഞ തുക ഈടാക്കി

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 3 ലെ പട്ടികയിൽ അർദ്ധവാർഷികവരുമാനത്തിനനുസൃതമായി ഒരു സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും ഈടാക്കേണ്ട തൊഴിൽനികുതി എപ്രകാരമായിരിക്കണമെന്ന് വിവരിച്ചിട്ടുണ്ട്. എന്നാൽ താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ചട്ടപ്രകാരം ഈടാക്കേണ്ട തുകയേക്കാൾ കുറഞ്ഞ തുക ഈടാക്കിയതായി കാണുന്നു.

| | സ്ഥാപനം | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ടത് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഹരിദാസൻ വി.സി. | മേപ്പയ്യൂർ കോ.ഓപ്പറേറ്റീവ് അർബൻ സൊസൈറ്റി | ₹1,74,598.00 | ₹1,250.00 | ₹1,000.00 | ₹250.00 |
| അഖിന | ഉദയ മെഡിക്കൽസ് | ₹45,000.00 | ₹450.00 | ₹300.00 | ₹150.00 |

വസ്തു നികുതി

കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുന്നതിലേക്കായി ഗ്രാമപഞ്ചായത്തിലെ പ്രദേശങ്ങളെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളാക്കി തിരിച്ചിട്ടുണ്ട്. ദ്വിതീയമേഖലയിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് അടിസ്ഥാനവസ്തുനികുതി നിരക്കിൽ പത്തുശതമാനവും തൃതീയ മേഖലയിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് അടിസ്ഥാനവസ്തുനികുതി നിരക്കിൽ ഇരുപത് ശതമാനവും ഇളവ് നൽകി വരുന്നു. ഗ്രാമപഞ്ചായത്തിലെ റോഡുകളെ വീതിയുടെ അടിസ്ഥാനത്തിൽ അഞ്ചു മീറ്ററിൽ കൂടുതൽ ഉള്ളവ, ഒന്നര മീറ്ററിനും അഞ്ചു മീറ്ററിനും ഇടയിലുള്ളവ ഒന്നര മീറ്ററിൽ താഴെ ഉള്ളവ എന്നിങ്ങനെ തരം തിരിക്കുകയും കെട്ടിടങ്ങളുടെ സമീപത്തുള്ള റോഡിനനുസരിച്ച് വസ്തു നികുതിയിൽ വർദ്ധനവ്/ഇളവ് നൽകി വരികയും ചെയ്യുന്നു. എന്നാൽ വസ്തുനികുതി നിർണയത്തിലുള്ള അപാകതകൾ നികുതി വരവ് കുറയുന്നതിന് ഇടയാക്കുന്നു. വസ്തുനികുതി നിർണ്ണയത്തിലുള്ള അപാകതകൾ നികുതി വരവ് കുറയുന്നതിന് ഇടയാക്കിയത് മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചതിന്റെ ഫലമായി അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കുകയും അതിന്റെ ഫലമായി വസ്തുനികുതിയിനത്തിൽ വർദ്ധനവുണ്ടാകുകയും ചെയ്തതിന്റെ വിശദാംശങ്ങൾ 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്.

വസ്തുനികുതി പിരിവ് പുരോഗതി -ധനകാര്യ സ്ററാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ

പഞ്ചായത്തിലെ നികുതി പിരിവ് പുരോഗതി ധനകാര്യ സ്ററാന്റിംഗ് കമ്മിറ്റി നിരന്തരം വിലയിരുത്തുന്നുണ്ട്.

നികുതി കളക്ഷൻ ഊർജ്ജിതപ്പെടുത്തുന്നതിനായി ക്യാമ്പ് കളക്ഷൻ സംഘടിപ്പിച്ചിട്ടുണ്ട്

വസ്തു നികുതി പരിഷ്കരണം

വസ്തു നികുതി പരിഷ്കരണം 2023-24 ന്റെ പുതിയ നിരക്ക് 06.07.2023 തിയ്യതിയിലെ പഞ്ചായത്ത് ഭരണസമിതിയുടെ മീറ്റിംഗിലെ 210/2023 നം. തീരുമാന പ്രകാരം അന്തിമമായി നിശ്ചയിച്ച പ്രസിദ്ധീകരിച്ചു. പുതിയനിരക്കിൽ ഈടാക്കിത്തുടങ്ങിയിട്ടില്ല. തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെട്ടിടസർവേ നടത്തുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്.

സേവന ഉപനികുതി

കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്ടിലെ 207ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രെയിനേജും എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. പഞ്ചായത്തിൽ വസ്തു നികുതിയോടൊപ്പം സേവന ഉപനികുതി ഈടാക്കുന്നില്ല.

ഇ-പേയ്മെന്റ് -വരവുകൾ

പഞ്ചായത്തിലെ ഓൺലൈൻ വഴി സ്വീകരിക്കുന്ന നികുതി എസ്.ബി.ഐ അക്കൌണ്ട് നം 6739178067 ലാണ് ക്രെഡിറ്റ് ചെയ്യപ്പെടുന്നത്.

മറ്റ് വരവുകൾ

പഞ്ചായത്തിലെ ബസ്സ്റ്റാന്റിനോട് ചേർന്ന കിടക്കുന്ന പഞ്ചായത്ത് വക ഭൂമി ടാക്സി, ജീപ്പ്, കാറുകൾ, മറ്റു വാഹനങ്ങൾ എന്നിവ പാർക്ക ചെയ്യുന്നതിനായി ഉപയോഗിച്ച വരുന്നുണ്ട്. 1995 ലെ കേരള പഞ്ചായത്ത് രാജ് (ഇറക്കസ്ഥലങ്ങൾ, വിരാമസ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ, മറ്റു വാഹന സ്റ്റാൻറുകൾ)ചട്ടങ്ങൾ പൊതുവിരാമ സ്ഥലമോ വണ്ടിത്താവളമോ ഉപയോഗിക്കുന്നവരിൽ നിന്നും ചട്ടപ്രകാരം ഫീസ് ചുമത്താവുന്നതാണ്. എന്നാൽ ബസ്സ്റ്റാന്റിനോട് ചേർന്ന കിടക്കുന്ന പഞ്ചായത്ത് വക ഭൂമിയിൽ വാഹനം പാർക്ക് ചെയ്യുന്നവരിൽ നിന്നും പഞ്ചായത്ത് ഫീസ് ഈടാക്കുന്നില്ല. അപാകത 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (ഖ.1-7) പരാമർശിച്ചിട്ടുണ്ടെങ്കിലും നടപടി സ്വീകരിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു. എന്നാൽ എഫ് ടി ഇ എ&ഒ എസ് ലൈസൻസ് പ്രകാരം പഞ്ചായത്ത് വക പട്ടികജാതി വിപണന കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല.

| കെട്ടിടനം. | ലൈസൻസിയുടെ പേര് |
|---|---|
| 8/1101 A | ചന്ദ്രൻ |
| 8/1101 B,C | രാജൻ |
| 8/1101 G | ബാബു ഓടയിൽ |

ഓഡിറ്റ് നിർദേശങ്ങൾ

1. അനധികൃത നിർമ്മാണങ്ങൾ, വിസ്തീർണത്തിൽ മാറ്റം വരുത്തിയ കെട്ടിടങ്ങൾ, ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ കെട്ടിടങ്ങൾ, എന്നിവയുടെ നികുതി പുനർനിർണയിക്കുന്നതിനുള്ള നടപടികൾ പരമാവധി വേഗത്തിൽ പൂർത്തീകരിച്ച് തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. 2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ, ചട്ടം 6 പട്ടിക 6 പ്രകാരം തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ (മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് മറ്റ് വിലയേറിയ സാധനങ്ങൾ കൊണ്ട് നിർമ്മിച്ച 250 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള) വസ്തുനികുതിയിൽ 15% വർദ്ധനവ് വരുത്താവുന്നതാണ്. വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട് സഞ്ചയയിലുള്ള അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം-21 പ്രകാരം, ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള കെട്ടിടങ്ങൾ ഒഴികെയുള്ള എല്ലാ കെട്ടിടങ്ങൾക്കും ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണ്. അത്തരം

പരിശോധനയിൽ തറനിർമ്മിതിയിൽ വരുത്തിയ മാറ്റങ്ങൾ, കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് സംവിധാനം ഏർപ്പെടുത്തൽ എന്നിവ കണ്ടെത്താവുന്നതും അതിന്റെ അടിസ്ഥാനത്തിൽ നികുതി പുനർ നിർണ്ണയിക്കുകയും ചെയ്യാവുന്നതാണ്.

4.പഞ്ചായത്ത് പരിധിയിലുള്ള ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളെക്കൊണ്ടും ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരിൽ നിന്നും/സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. പഞ്ചായത്ത് നൽകിവരുന്ന സേവനങ്ങൾക്കനുസരിച്ച് കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങള് ചട്ടം 27 ൽ പറഞ്ഞ നിരക്കിൽ സേവന ഉപനികതി ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

7. പഞ്ചായത്തിലെ ബസ് സ്റ്റാന്റിനരികിലുള്ള ടാക്സി സ്റ്റാന്റിൽ നിന്നും ഫീസ് ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.
ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-9 രശീതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

പണം സ്വീകരിച്ചതിന് രസീതി നൽകിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 20 പ്രകാരം പഞ്ചായത്തിൽ ലഭിക്കുന്ന എല്ലാ പണപരമായ വരവുകൾക്കും രസീത് നൽകേണ്ടതാണ്. പണം പിരിവിന് ഉപയോഗിക്കുന്ന മാന്വൽ രസീതിന്റെ അസൽ ആഫീസിൽ സൂക്ഷിക്കേണ്ടതും ഡ്യൂപ്ലിക്കേറ്റ് പണം നൽകിയ ആൾക്ക് നൽകേണ്ടതുമാണ്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ. 2023-24 സാമ്പത്തിക വർഷത്തിൽ ഗുണഭോക്തൃ വിഹിതം ഈടാക്കുന്നതിനായി ഉപയോഗിച്ച രസീതികളുടെ ഡ്യൂപ്ലിക്കേറ്റ് ഗുണഭോക്താക്കൾക്ക് നല്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| രശീതി ബുക്ക് നം. | രശീതി നം. |
|---|---|
| 9608 | 1 മുതൽ 100 വരെ |
| 9609 | 1 മുതൽ 32 വരെ |
| 9611 | 87 മുതൽ 100 വരെ, |
| 9612 | 1 മുതൽ 22 വരെ,<br>29 മുതൽ 32 വരെ,<br>72 മുതൽ 100 വരെ, |
| 9613 | 1 മുതൽ 100 വരെ |
| 9614 | 1 മുതൽ 89 വരെ |

രശീതിയിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ. ഗുണഭോക്തൃ വിഹിതം ഈടാക്കുന്നതിനായി ഉപയോഗിച്ച രശീതികളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

രശീതി ബുക്ക് നം.9614 , രശീതി നം.8 മുതൽ 89 വരെ

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-10 വാടക -യഥാസമയം അടവാക്കുന്നില്ല.

പഞ്ചായത്തിലെ പട്ടികജാതി ഉൽപന്ന വിപണന കേന്ദ്രത്തിലെ ഏഴ് കടമുറികൾ (1101A,B,C,D,E,F,G) പട്ടികജാതി വിഭാഗക്കാർക്ക് വാടകയ്ക്ക് നൽകുന്നതിനായി ഉപയോഗിക്കുന്നു. 28.08.2014 ലെ 170/14(2)നം. തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ബൈലോ പ്രകാരമാണ് പ്രസ്തുത കെട്ടിടങ്ങളിലെ വാടക ഈടാക്കേണ്ടത്.

ബൈലോ പ്രകാരം (ക്രമ നം.18) ലേലം കൊണ്ടയാൾ മുറിയുടെ പ്രതിമാസ വാടക അതാതു മാസം അഞ്ചാം തീയതിക്കു മുമ്പായി പഞ്ചായത്ത് ഓഫീസിൽ അടക്കേണ്ടതാണ്. എന്നാൽ മുകളിൽ കൊടുത്തിട്ടുള്ള മുറികൾ ലേലം കൊണ്ടവർ വാടക യഥാസമയം അടവാക്കുന്നില്ല.

ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു

<table>
<tr><td>റൂം നം.</td><td>8/1101A</td><td>8/1101 C</td><td>8/1101 D</td><td>8/1101 E</td></tr>
<tr><td>ലൈസൻസിയുടെ പേര്</td><td>ചന്ദ്രൻ</td><td>രാജൻ</td><td>ഷിജു</td><td>മധു പുഴയരികത്ത്</td></tr>
<tr><td>2022 ഏപ്രിൽ അടവാക്കിയ തുക, തീയതി, രശീതി നം.</td><td>9246<br>03.06.22<br>1220100822</td><td>11864<br>1220103935<br>19.10.22</td><td>9093<br>1220100129<br>21.04.22</td><td>5016,<br>30.03.23<br>1220108835</td></tr>
<tr><td>2022 മെയ് അടവാക്കിയ തുക, തീയതി, രശീതി നം.</td><td>9475<br>1220104115<br>28.10.22</td><td>11770<br>1220103937<br>19.10.22</td><td>9321<br>1220101843<br>16.08.22</td><td>4977<br>30.03.23<br>1220108836</td></tr>
<tr><td>2022 ജൂൺ അടവാക്കിയ തുക, തീയതി, രശീതി നം.</td><td>9399<br>1220104116<br>28.10.22</td><td rowspan="4">2022 ജൂൺ മുതൽ 2023 മാർച്ച് വരെയുള്ള വാടക 94920,GST 17080, പിഴ 5221 എന്നിവ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും ഈടാക്കി.</td><td>9323<br>1220103349<br>30.09.22</td><td>4939<br>30.03.23<br>1220108837</td></tr>
<tr><td>2022 ജൂലൈ അടവാക്കിയ തുക, തീയതി, രശീതി നം.</td><td>9323<br>1220104117<br>28.10.22</td><td>9246<br>1220103350<br>30.09.22</td><td>4900<br>30.03.23<br>220108838</td></tr>
<tr><td>2022 ആഗസ്റ്റ് അടവാക്കിയ തുക, തീയതി,രശീതി നം.</td><td>9246<br>220104118<br>28.10.22</td><td>9246<br>1220104177<br>31.10.22</td><td>4862<br>30.03.23<br>220108839</td></tr>
<tr><td>2022 സെപ്റ്റംബർ അടവാക്കിയ തുക,</td><td>9399<br>1220105793</td><td>9170<br>1220104259</td><td>4823<br>31.03.23</td></tr>
</table>

| | | | | |
|---|---|---|---|---|
| തീയതി,രശീതി നം. | 04.02.23 | | 04.11.22 | 220108872 |
| 2022 ഒക്ടോബർ അടവാക്കിയ തുക, തീയതി, രശീതി നം. | 9323<br>1220108625<br>27.03.23 | | 9246<br>1220104724<br>17.12.22 | 4785<br>31.03.23<br>220108873 |
| 2022 നവംബർ അടവാക്കിയ തുക, തീയതി, രശീതി നം. | 9399<br>1220108625<br>27.03.23 | | 9170<br>1220104998<br>05.01.23 | നവംബർ മുതൽ മാർച്ച് വരെയുള്ള വാടക തുക 19295 രൂപ ,ജിഎസ്.ടി. 3470 രൂപ പിഴ 579 രൂപ എന്നിവ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും ഈടാക്കി. |
| 2022 ഡിസംബർ അടവാക്കിയ തുക, തീയതി, രശീതി നം. | 9323<br>1220108626<br>27.03.23 | | 2022 ഡിസംബർ മുതൽ മാർച്ച് വരെയുള്ള വാടക തുക 7641 ജി.എസ്.ടി.-1376 ,പിഴ-76 എന്നിവ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും ഈടാക്കി. | |
| 2023 ജനവരി അടവാക്കിയ തുക, തീയതി, രശീതി നം. | 9246<br>1220108627<br>27.03.23 | | | |
| 2023 ഫെബ്രുവരി അടവാക്കിയ തുക, തീയതി, രശീതി നം. | 9170<br>1220108628<br>27.02.23 | | | |
| 2023 മാർച്ച് അടവാക്കിയ തുക, തീയതി, രശീതി നം. | 9093<br>1220108629<br>27.03.23 | | | |

പഞ്ചായത്ത് വക കെട്ടിടങ്ങളുടെ വാടക ബൈലോ പ്രകാരം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബൈലോ (ക്രമനം.07) പ്രകാരം ലേല സംഖ്യയുടെ തുകയ്ക്ക് അനുസൃതമായി നിയമാനുസൃതം ലേലക്കാരൻ സ്വന്തം ചെലവിൽ പഞ്ചായത്തുമായി ഉടമ്പടി ഒപ്പുവെയ്ക്കേണ്ടതാണ്. എന്നാൽ താഴെ കൊടുത്തിട്ടുള്ള കരാറുകാർ പഞ്ചായത്തുമായി കരാറിലേർപ്പെട്ടതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

1.1101/B,C രാജൻ കണ്ടം കയ്യിൽ

2.1101/G ബാബു ഓടയിൽ

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-11 ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടും ക്ഷേമപെൻഷൻ സമയബന്ധിതമായി സസ്പെൻഡ് ചെയ്തില്ല.

ക്ഷേമപെൻഷനുമായി ബന്ധപ്പെട്ട ഫയലുകൾ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. പഞ്ചായത്തിലെ ഡെത്ത് രജിസ്റ്റർ പ്രകാരം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന എല്ലാവരെയും ഗ്രാമപഞ്ചായത്തിന്റെ ക്ഷേമപെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നില്ല.

സർക്കുലർ നം-07/2020/ധന തിയ്യതി-23.10.2020 പ്രകാരം സർക്കാർ ജീവനക്കാർ, സർവ്വീസ് പെൻഷനർമാർ/കുടുംബ പെൻഷനർമാർ എന്നിവർ അനർഹമായി സാമൂഹ്യ സുരക്ഷ പെൻഷൻ കൈപ്പറ്റിയത് തിരികെ അടവാക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) നം.97/2020/ധന തീ. 23-09-2020 പ്രകാരം പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷവും അക്കാര്യം പ്രാദേശിക സർക്കാരിൽ അറിയിക്കാതെ അനന്തരാവകാശികൾ പ്രസ്തുത പെൻഷൻ തുക കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം മരണപ്പെട്ട ഗുണഭോക്താവിനെ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം നടപടികൾ സ്വീകരിക്കാത്തതിനാൽ ഗുണഭോക്താക്കൾക്ക് അനർഹമായി ക്ഷേമപെൻഷൻ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. പെൻഷനർ ഐ.ഡി നം-110200601124 ശ്രീമതി.കുഞ്ഞായിഷ പുലപ്രോൽ, കീഴരിയൂർ എന്നവർ 20.02.2020 ന് റിലീഫ് ക്ലിനിക്&നഴ്സിംഗ് ഹോം എന്ന സ്ഥാപനത്തിൽ വെച്ച് മരണപ്പെടുകയും മരണവിവരം മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിരുന്നു. 14.10.2022 തിയ്യതിയിൽ ശ്രീമതി.നഫീസ പുലാപ്രോൽ എന്നയാൾ ടിയാരിയുടെ മരണ വിവരം ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്തു. സെപ്തംബർ 2022 വരെ 46100/- രൂപ ക്ഷേമപെൻഷൻ ഇനത്തിൽ ടിയാരി മരണമടഞ്ഞതിന് ശേഷം അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടും പെൻഷൻ ഡാറ്റാബേസിൽ നിന്നും കൃത്യസമയത്ത് ഒഴിവാക്കാത്തത് കാരണമാണ് ഇത്തരത്തിൽ സംഭവിച്ചത്.

മരണപ്പെട്ടവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-12 കുടിവെള്ള പദ്ധതികളുടെ മോട്ടോർ മാറ്റിസ്ഥാപിക്കൽ - അപാകതകൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ, മോട്ടോർ മാറ്റി സ്ഥാപിച്ച കുടിവെള്ള പദ്ധതികളുടെ വിശദവിവരങ്ങൾ താഴെ കാണിച്ചിരിക്കുന്നു.

| | |
|---|---|
| 1) പ്രൊജക്റ്റ് നമ്പർ - 75/22-23<br>ഉന്തംപറമ്പ് കുടിവള്ളപദ്ധതി<br>അടങ്കൽ - 284000<br>ചെലവ് - 278357 (സാംഗ്ഷൻ ഓർഡർ നം. 168/16.12.22)<br>കരാറുകാരൻ - ശശീന്ദ്രൻ ഇ | 2) പ്രൊജക്റ്റ് നമ്പർ - 76/22-23<br>ഉമ്മൽ കുടിവള്ളപദ്ധതി<br>അടങ്കൽ - 212000<br>ചെലവ് - 167172 (സാംഗ്ഷൻ ഓർഡർ നം. 175/06.12.22)<br>കരാറുകാരൻ - ശശീന്ദ്രൻ ഇ |

ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ഉന്തംപറമ്പ് കുടിവെള്ള പദ്ധതിയുടെ മോട്ടോർ മാറ്റി, പുതിയ 10

എച്ച്.പി സബ്മേഴ്സിബിൾ മോട്ടോർ സ്ഥാപിക്കുന്നതിനുള്ളതാണ് ക്രമനമ്പർ 1 പ്രകാരമുള്ള പ്രൊജക്ട്. ഉന്നുമ്മൽ കുടിവെള്ള പദ്ധതിയുടെ മോട്ടോർ മാറ്റി, പുതിയ 7.5 എച്ച്.പി സബ്മേഴ്സിബിൾ മോട്ടോർ സ്ഥാപിക്കുന്നതിനുള്ളതാണ് ക്രമനമ്പർ 2 പ്രകാരമുള്ള പ്രൊജക്ട്. പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ടെണ്ടർ ചെയ്താണ് പദ്ധതി നടപ്പിലാക്കിയത്.

അളവു പുസ്തകം 6/22-23 പ്രകാരം (പേജ് 17 ) ഉന്തംപറമ്പ് കുടിവള്ള പദ്ധതിയുടെ 10 എച്ച്.പി സബ്മേഴ്സിബിൾ മോട്ടോർ മാറ്റിസ്ഥാപിക്കുന്നതിനുള്ള മോട്ടോർ വില, കടത്തുകൂലി, ഫിറ്റിംഗ് ചാർജ് എന്നിവയുൾപ്പെടെയുള്ള ചെലവ് 1,44,413 രൂപയാണ്. ശേഷിക്കുന്ന 1,39,587 രൂപ ഫ്യൂസ് & സ്വിച്ച് ബോർഡ്, വയറിംഗ്, എർത്തിംഗ് തുടങ്ങിയ ഉപകരണങ്ങൾ മാറ്റിസ്ഥാപിച്ചതിനുള്ളതാണ്. അളവുപുസ്തകം 7/22-23 പ്രകാരം (പേജ് 15) ഉന്നുമ്മൽ കുടിവള്ളപദ്ധതിയുടെ 7.5 എച്ച്.പി സബ്മേഴ്സിബിൾ മോട്ടോർ മാറ്റിസ്ഥാപിക്കുന്നതിനുള്ള മോട്ടോർ വില, കടത്തുകൂലി, ഫിറ്റിംഗ് ചാർജ് എന്നിവയുൾപ്പെടെയുള്ള ചെലവ് 80,757 രൂപയാണ്. ശേഷിക്കുന്ന 86,415 രൂപ ഫ്യൂസ് & സ്വിച്ച് ബോർഡ്, വയറിംഗ്, എർത്തിംഗ് തുടങ്ങിയ ഉപകരണങ്ങൾ മാറ്റി സ്ഥാപിച്ചതിനുള്ളതാണ്. പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) മേൽ പദ്ധതികളുടെ പ്രൊജക്ട് പരിശോധിച്ചതിൽ മോട്ടോർ മാറ്റി സ്ഥാപിക്കുന്നതിനാണ് നിർദ്ദേശിക്കുന്നത്. മുഴുവൻ അനുബന്ധ ഉപകരണങ്ങളും മാറ്റി സ്ഥാപിക്കാൻ പ്രൊജക്ട് നിർദ്ദേശിക്കുന്നില്ല. ആവശ്യമായ പ്രവൃത്തികൾ എന്തൊക്കെയാണെന്ന ലഘുവിവരണം നൽകുന്ന എസ്റ്റിമേറ്റ് റിപ്പോർട്ട് ഫയലിലില്ല.

2) അഴിച്ച് മാറ്റിയ മോട്ടോർ, വയറിംഗ് സാധനങ്ങൾ, പാനൽബോർഡ് തുടങ്ങിയവ സ്റ്റോക്കിലെടുത്ത് ലേലം ചെയ്ത് കയ്യൊഴിയാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 1-13 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല.

സ.ഉ (കൈ) നം.84/2022/തസ്വഭവ. തി. 19.04.2022 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ. 6-8 ൽ പൊതു മരാമത്ത് മേഖലയിലെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഇത് തയ്യാറാക്കുന്നതിന് ഘടക സ്ഥാപനങ്ങളുടെ മേധാവികളുടെ യോഗം വിളിച്ച് ചേർക്കണം. പ്രസ്തുത യോഗത്തിൽ അംഗീകരിച്ച പ്രൊജക്ടുകളായിരിക്കണം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. എന്നാൽ പദ്ധതി വർഷം ഇത്തരത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.08/23/08.11.23) മറുപടി നൽകിയിട്ടില്ല. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി അറിയിക്കേണ്ടതാണ്.

## 1-14 പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ ടെണ്ടർ ഫീസ് അടവാക്കുന്നതിൽ വീഴ്ച

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുന്ന വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടികളിൽ ടെണ്ടർ ഫീസ് ആയി കരാറുകാർ അടക്കുന്ന തുക അസി.എഞ്ചിനിയറുടെ പേരിൽ എസ്.ബി.ഐ മേപ്പയ്യൂർ ശാഖയിലെ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യപ്പെടുന്നത്. അസി.എഞ്ചിനിയർ ലഭ്യമാക്കിയ കണക്കുപ്രകാരം പദ്ധതി വർഷം 1,23,636/- രൂപ ഈയിനത്തിൽ വരവുണ്ട്. എന്നാൽ ഈ തുക മുഴുവൻ പഞ്ചായത്തുഫണ്ടിലേക്ക് വരവു വന്നിട്ടില്ല. തുക ഈടാക്കുന്നതിലെ വീഴ്ച്ച്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.09/23 /08.11.23) മറുപടി നൽകിയിട്ടില്ല. ഇ-ടെണ്ടർ ഫീസ് ഇനത്തിലെ മുഴുവൻ തുകയും പഞ്ചായത്ത്

ഫണ്ടിലേക്ക് മുതൽക്കൂട്ടി അറിയിക്കേണ്ടതാണ്.

### 1-15 എസ്.എസ്.കെ.വിഹിതം നൽകുന്നതിൽ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിലെ വിവിധ പദ്ധതികൾക്കായി എസ്.എസ്.കെ. വിഹിതം കൈമാറുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നം. | 136/23 |
| അടങ്കൽ | 800000/- |
| ഫണ്ട് | വികസന ഫണ്ട്(gen) |
| ചെലവ് | 800000/- |
| ബിൽനം. തി. | 901/23/25.8.22 |

ജില്ലാ പ്രൊജക്ട് കോ-ഓഡിനേറ്ററുടെ ബി-877/22/ssk/16-7-22 നമ്പർ കത്ത് പ്രകാരം വിവിധ അക്കാദമി പ്രവർത്തനങ്ങൾ, മരാമത്ത് പ്രവൃത്തികൾ, യൂണിഫോം വിതരണം, അധ്യാപകർക്കുള്ള ട്രെയിനിങ്ങുകൾ എന്നിങ്ങനെ വിവിധ പ്രവർത്തനങ്ങൾക്കുള്ള ഗ്രാമ പഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ട്.

സ.ഉ (കൈ)നം.84/2022.തസ്വഭവ.തി.19.04.2022 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.8-6 ൽ ഈ തുക ഉപയോഗിച്ച് ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങളുടെ വിവരങ്ങൾ അതാത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രൊജക്ട് ഓഫീസർ അറിയിക്കേണ്ടതാണെന്നും, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ ഉറപ്പാക്കണമെന്നുമുള്ള നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. തുക വിനിയോഗിച്ചതുമായി ബന്ധപ്പെട്ട് വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/23/08.11.23) മറുപടി നൽകിയിട്ടില്ല. എസ്.എസ്.കെ. വിഹിതം നൽകുന്ന കാര്യത്തിൽ പദ്ധതി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

### 1-16 ആയുർവ്വേദ ആശുപത്രിയിലേക്ക് അധിക വിലയുള്ള ലാപ് ടോപ്പ് വാങ്ങി

ആയുർവ്വേദ ആശുപത്രിയിലേക്ക് ഓഫീസ് ആവശ്യത്തിനായി കമ്പ്യൂട്ടർ വാങ്ങുന്നതിനായി താഴെ സൂചിപ്പിച്ച പ്രകാരം പദ്ധതി നിർവ്വഹണം നടത്തിയിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണം | എം.ഒ (ആയു) |
| പ്രോജക്ട് നം. | 158/23 |
| അടങ്കൽ | 80872/- |

| | |
|---|---|
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 80872/- |
| ചെക്ക് നം,തിയ്യതി. | 554/23/28.12.22 |

ലാപ്ടോപ്പും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. കെൽട്രോൺ മുഖേനയാണ് ഇത് വാങ്ങിയിരിക്കുന്നത്. 62525/- രൂപയാണ് ലാപ്ടോപ്പിന്റെ വിലയായി നൽകിയിരിക്കുന്നത്. ഓഫീസ് ആവശ്യത്തിന് ഉബണ്ടു ഓപ്പറേറ്റിംഗ് സിസ്റ്റമുള്ള മീഡിയം സ്പെസിഫിക്കേഷൻ സിസ്റ്റം മതിയെന്നിരിക്കേ, വിൻഡോസ് 11 ഓപ്പറേറ്റിംഗ് സിസ്റ്റമുള്ള വിലകൂടുതലുള്ള ലാപ്ടോപ്പാണ് വാങ്ങിയത്. ഇത് സംബന്ധിച്ച് പർച്ചേസ് കമ്മിറ്റിയിൽ ചർച്ച നടന്നതായി കാണുന്നില്ല. പദ്ധതിയുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അധിക വിലയുടെ സിസ്റ്റം വാങ്ങാനുണ്ടായ സാഹചര്യം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11 /23/08.11.23) മറുപടി നൽകിയിട്ടില്ല. അപാകതകയ്ക്ക് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്.

1-17 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ കമ്മറ്റിക്ക് കൈമാറിയില്ല.

പദ്ധതി വർഷം അസി.എഞ്ചിനിയർ നിരവധി കുടിവെള്ള പദ്ധതികൾ നിർവ്വഹണം നടത്തിയതായി കാണുന്നു. എന്നാൽ ഈ പദ്ധതികളുടെ തുടർ നടത്തിപ്പ് ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പദ്ധതിയുടെ പേര് | നിലവിലെ അവസ്ഥ |
|---|---|---|
| 1 | മാവുള്ളകണ്ടി കുറ്റിയിൽഭാഗം കുടിവെള്ള പദ്ധതി | നിർമ്മാണം പൂർത്തീകരിച്ചു ജലവിതരണം ആരംഭിച്ചു |
| 2 | കമ്പിളിക്കുന്നുമ്മൽ കുടിവെള്ള പദ്ധതി | നിർമ്മാണം പൂർത്തീകരിച്ചു ജലവിതരണം ആരംഭിച്ചു |
| 3 | അമ്മാറത്ത് കുടിവെള്ള പദ്ധതി | നിർമ്മാണം പൂർത്തീകരിച്ചു ജലവിതരണം ആരംഭിച്ചു |
| 4 | അയ്യങ്കാട് കുടിവെള്ള പദ്ധതി | നിർമ്മാണം പൂർത്തീകരിച്ചു ജലവിതരണം ആരംഭിച്ചു |
| 5 | കുറ്റിയിൽ ഭാഗം കുടിവെള്ള പദ്ധതി | നിർമ്മാണം പൂർത്തീകരിച്ചു ജലവിതരണം ആരംഭിച്ചു |

സ.ഉ (കൈ) നം.84/2022 തസ്വഭവ തി.19.04.2022 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.8-1ബി-24 ൽ കുടിവെള്ള പ്രൊജക്ടുകളുടെ തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃ സമിതികളുടെ ചുമതലയാണ് എന്ന് പ്രൊജക്ടിൽ വ്യവസ്ഥ ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി കാലയളവിൽ നടപ്പാക്കിയ കുടിവെള്ള പദ്ധതികളുടെ കാര്യത്തിൽ ഈ വ്യവസ്ഥ പാലിച്ചതായി കാണുന്നില്ല. പൂർത്തിയാക്കിയ പദ്ധതികൾ കരാർ വെച്ച് ഗുണഭോക്തൃ കമ്മിറ്റികൾക്ക് കൈമാറിയിട്ടില്ല. അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/23/08.11.23) മറുപടി നൽകിയിട്ടില്ല. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് കരാർ ചമച്ച് ഗുണഭോക്തൃ കമ്മിറ്റികൾക്ക് കൈമാറി അറിയിക്കേണ്ടതാണ്.

1-18 പഞ്ചായത്തിൽ 'ടേക്ക് എ ബ്രേക്ക്' പ്രവർത്തനം ആരംഭിച്ചില്ല

പദ്ധതി വർഷം 'ടേക്ക് എ ബ്രേക്ക്'' നിർമ്മാണത്തിനായി താഴെ സൂചിപ്പിച്ച പ്രകാരം പദ്ധതി നിർവ്വഹണം നടത്തിയിട്ടുണ്ട്. സ്പിൽ ഓവർ ആയി തുടർന്ന പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | അസി. എഞ്ചിനിയർ |
| പ്രൊ.നം. | 33/23 |
| അടങ്കൽ | 21,00,000 |
| ചെലവ് | 7,22,376 |
| ബിൽ നം. | 234/23 28.03.23 |

സ.ഉ (കൈ) നം.39/2020.തസ്വഭവ.തി.20.02.2020, സ.ഉ (കൈ) നം.45/2020. തസ്വഭവ. തി.06.03.2020 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ പൊതു ശുചി മുറികളും 'ടേക്ക് എ ബ്രേക്ക്'' വിശ്രമ കേന്ദ്രങ്ങളും നടപ്പിലാക്കുന്നതിന് പാതയോരങ്ങളിൽ സ്ഥിതിചെയ്യുന്ന സർക്കാർ/പൊതു മേഖലാ സ്ഥാപനങ്ങളുടെ പരിസരങ്ങൾ,തദ്ദേശ സ്ഥാപനങ്ങളുടെ ഓഫീസ് പരിസരം, വാണിജ്യ കേന്ദ്രങ്ങൾ, ബസ് സ്റ്റാന്റ്, ബസ് സ്റ്റോപ്പ് പരിസരങ്ങൾ എന്നിവിടങ്ങളിൽ നിശ്ചിത മാതൃകയിൽ കെട്ടിടങ്ങൾ പണിയാമെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ കുയിമ്പിൽ ഉന്ത് എന്ന സ്ഥലത്ത് 'ടേക്ക് എ ബ്രേക്ക്'' കെട്ടിടം പണി പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ഇതിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തിയാക്കി സ്ഥാപനം പ്രവർത്തന സജ്ജമാക്കിയിട്ടില്ല. പദ്ധതി പ്രവൃത്തികൾ ആരംഭിച്ച് രണ്ടു വർഷം കഴിഞ്ഞിട്ടും പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. വീഴ്ചയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/22-23 / 08.11.23) മറുപടി നൽകിയിട്ടില്ല. 'ടേക്ക് എ ബ്രേക്ക്'' വിശ്രമ കേന്ദ്രം പ്രവർത്തനക്ഷമമാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-19 തൊഴിൽ സംരംഭങ്ങൾക്ക് ഊന്നൽ നൽകി പദ്ധതി രൂപീകരിക്കുന്നതിൽ വീഴ്ച

പതിനാലാം പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് ചെറുകിട – പരമ്പരാഗത വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുകയും, അവയിൽ മൂലധന നിക്ഷേപം വർധിപ്പിക്കുകയും ചെയ്യുക എന്നതാണ്. എല്ലാ മേഖലകളിലും പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക. തൊഴിൽ നൈപുണ്യ പരിശീലനം നൽകുക, സാങ്കേതിക സഹായം നൽകുക, സംരഭകത്വ വികസനത്തിന് പ്രോൽസാഹനം നൽകുക എന്നിവയും പദ്ധതിയുടെ ലക്ഷ്യങ്ങളാണ് (സ.ഉ.(കൈ) നം.84/22/തസ്വഭവ. തി.19.04.2022 ഖ 8-4 കാണുക).

സംരഭകത്വ പദ്ധതികളുടെ സാക്ഷാൽക്കാരത്തിനായി തദ്ദേശീയരായ സംരംഭകരെ പ്രോൽസാഹിപ്പിക്കേണ്ടത് ആവശ്യമാണ്. അഭ്യസ്ത വിദ്യരായ യുവജനങ്ങൾക്ക് വിവിധ മേഖലകളിൽ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ട നൈപുണ്യ വികസന പരിശീലനം വ്യാപകമായി നൽകുന്നതിനുള്ള പ്രൊജക്ടുകൾക്ക് രൂപം നൽകണം. എന്നാൽ പദ്ധതി വർഷം ഇത്തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ സാധിച്ചിട്ടില്ല. ചെറുകിട വ്യവസായവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് ബുക്കിൽ ഈ മേഖലയിലെ നിരവധി പദ്ധതി നിർദ്ദേശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ മേഖലയിൽ പദ്ധതി വർഷം കാര്യമായ നേട്ടങ്ങൾ കൈവരിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. വീഴ്ചക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/23 /08.11.23) മറുപടി നൽകിയിട്ടില്ല. ചെറുകിട വ്യവസായവുമായി ബന്ധപ്പെട്ട മേഖലയിൽ സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി അറിയിക്കേണ്ടതാണ്.

## 1-20 പെണ്ണാട് വിതരണം(വനിത) പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

വനിതകൾക്ക് പെണ്ണാട് വിതരണം ചെയ്യുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | വെറ്റിനറി സർജൻ |
| പ്രോജക്റ്റ് നം. | 121/23 |

| | |
|---|---|
| അടങ്കൽ | 510000/- |
| ഫണ്ട് | വികസന ഫണ്ട്(g) |
| ചെലവ് | 90000/- |
| ബിൽനം. തി. | 114/23/16.3.23 |

51 വനിതകൾക്ക് നാല് പെണ്ണാടുകളെ വീതം നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. സ.ഉ(കൈ) നം.115/2018/തസ്വഭവ. തി.28.5.2022 പ്രകാരമുള്ള സബ്സിഡി സംബന്ധിച്ച മാർഗ്ഗരേഖ ഖ.6-3-3ൽ ഗുണഭോക്താക്കൾ വാങ്ങുന്ന ആടുകൾക്ക് 12 കിലോ ഭാരം എങ്കിലും ഉള്ളവയായിരിക്കണം എന്ന് പരാമർശിച്ചിട്ടുണ്ട്. ഒരു വയസ്സിന് താഴെ പ്രായമുള്ള ആടുകളുടെ വിലയായി ജില്ലാതല യൂണിറ്റ് കോസ്റ്റ് 500/- രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്. ഇത് പ്രകാരമാണ് സബ്സിഡി നൽകിയിരിക്കുന്നത്. എന്നാൽ ആടുകളുടെ പ്രായം, തൂക്കം എന്നിവ വെറ്റിനറി സർജൻ സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല. പദ്ധതിയുമായി ബന്ധപ്പെട്ട ഗുണഭോക്തൃ ലിസ്റ്റിൽ 756 പേർ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ 9 പേർ മാത്രമാണ് ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളത്. ഇതിനാൽ നാമമാത്ര തുക മാത്രമേ പദ്ധതിക്കായി വിനിയോഗിക്കാൻ സാധിച്ചിട്ടുള്ളൂ. പദ്ധതിയുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയും ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/23/08.11.23) മറുപടി നൽകിയിട്ടില്ല. ഉൽപ്പാദന മേഖലയിൽ വകയിരുത്തിയ പദ്ധതി തുക ലാപ്സാകുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-21 ഫിഷറീസ് / വനിതാ മേഖലകളിൽ പദ്ധതി നടപ്പാക്കിയില്ല

ഭക്ഷ്യോത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ച സുഭിക്ഷകേരളം പദ്ധതിയുടെ നിർവ്വഹണ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. മേൽ ചുമതല നിറവേറ്റുന്നത്യന്റെ ഭാഗമായി ഫിഷറീസ് മേഖലയിൽ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് കഴിഞ്ഞിട്ടില്ല.

1994 കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പ് പ്രകാരമുള്ള 3-ാം പട്ടികയിൽ മേഖലാ അടിസ്ഥാനത്തിലുള്ള ചുമതലയിൽ കുളത്തിലെ മത്സ്യസമ്പത്തിന്റെ വികസനവും ശുദ്ധജലത്തിലെയും ക്ഷാരജലത്തിലെയും മീൻവളർത്തലും സമുദ്രവിഭവ വികസനവും നടപ്പാക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. എന്നാൽ മുൻകാലങ്ങളിലൊന്നും തന്നെ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടില്ല. മേൽ വീഴ്ചകൾ മത്സ്യബന്ധന മേഖലയുടെ വികസനത്തിന് തടസ്സം സൃഷ്ടിച്ചിട്ടുണ്ട്.

സ.ഉ.(കൈ) നം. 84/22/തസ്വഭവ തി.19.04.2022 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ. 6-3 ൽ പ്രത്യേക വനിതാ ഘടക പദ്ധതി നടപ്പാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സ്ത്രീകൾ നേരിടുന്ന വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ആസൂത്രിതമായ ഇടപെടലുകൾ നടത്തുകയും സ്ത്രീകളുടെ നിർണ്ണായക ലിംഗപദവി ആവശ്യങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക എന്നതാണ് വനിതാ ഘടക പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. എന്നാൽ പദ്ധതി വർഷം ഇത്തരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയതായി കാണുന്നില്ല. മേൽ വിവരിച്ച പദ്ധതികൾ നടപ്പാക്കാത്തതിനുള്ള കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/ 23 / 8.11.23) മറുപടി നൽകിയിട്ടില്ല. ഫിഷറീസ്/വനിതാ മേഖലകളിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-22 ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന് സ്വന്തമായി കെട്ടിടമായില്ല

ഗ്രാമപഞ്ചായത്തിൽ 2019 മുതൽ നരക്കോട് എന്ന സ്ഥലത്ത് ബി.ആർ.സി പ്രവർത്തിക്കുന്നുണ്ട്. നിലവിൽ വാടക കെട്ടിടത്തിലാണ് ഇത് പ്രവർത്തിച്ച് വരുന്നത്. ഈ കെട്ടിടത്തിൽ ആവശ്യമായ

അടിസ്ഥാന സൗകര്യങ്ങൾ കുറവാണ്. സ്ഥാപനത്തിൽ 22 പേർ രജിസ്റ്റർ ചെയ്യെങ്കിലും സ്ഥിരമായി 13 കുട്ടികളാണ് പഠിച്ച് കൊണ്ടിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ മാനസിക വൈകല്യമുള്ള 58 കുട്ടികളുള്ളതായി ഐ.സി.ഡി. എസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. എന്നാൽ ഇവരിൽ ഭൂരിഭാഗം പേർക്കും സ്ഥാപനത്തന്റെ സേവനം ലഭിക്കാത്ത അവസ്ഥയാണുള്ളത്. സ്ഥാപനം സാമൂഹ്യ നീതി വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടില്ല. നിലവിൽ ഒരു ടീച്ചറും ഹെൽപ്പറുമാണ് ഇവിടെ ഉള്ളത്. സ്പീച്ച് തെറാപ്പി, ഫിസിയോ തെറാപ്പി എന്നിവയ്ക്ക് ടീച്ചർമാരെ നിയമിച്ചിട്ടില്ല. കുട്ടികൾക്ക് യാത്ര ചെയ്യുന്നതിന് വാഹനം വാടകയ്ക്ക് ഏർപ്പാടാക്കിയിട്ടുണ്ട്. സ്ഥാപനത്തിന് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർ പേഴ്സണായി ഒരു മാനേജിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതായിരുന്നു. എന്നാൽ ഈ കമ്മിറ്റി നാളിതുവരെ രൂപീകരിച്ചിട്ടില്ല.

27.9.2018 ലെ കുടുംബശ്രീ ജില്ലാ മിഷൻ കോ ഓഡിനേറ്ററുടെ 1020/a3/2009/ks/kkd നമ്പർ ഉത്തരവ് പ്രകാരം 12,50,000/-രൂപ ലഭിച്ചിട്ടുണ്ട്. തുക കുടുംബശ്രീ സി.ഡി.എസിന് കൈമാറിയിട്ടുണ്ട്. ഈ തുക കൊണ്ട് പഠനസാമഗ്രികൾ, ഫർണ്ണിച്ചർ, ടെലിവിഷൻ, പ്രൊജക്ടർ, കമ്പ്യൂട്ടർ, തെറാപ്പ്യൂട്ടിക്ക് ഉപകരണങ്ങൾ എന്നിവ വാങ്ങാമെന്ന് ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. ഇതുപയോഗിച്ച് സ്ഥാപനത്തിലേക്ക് ടി.വി, തയ്യൽമെഷീൻ, മേശ, കസേര എന്നീ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ഈ ഇനത്തിൽ 11,26,369/- രൂപ ഇപ്പോഴും ചെലവഴിക്കാതെ സി.ഡി.എസ് അക്കൗണ്ടിൽ ഉണ്ട്. തുക മുഴുവനായി വിനിയോഗിക്കുന്നതിന് സാധിച്ചിട്ടില്ല. സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം പണിയുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/23/08.11.23) മറുപടി നൽകിയിട്ടില്ല. ബി.ആർ.സി യുടെ പ്രവർത്തനം മെച്ചപ്പെടുത്താനാവശ്യമായ സമഗ്ര പദ്ധതികൾ നടപ്പാക്കി അറിയിക്കേണ്ടതാണ്.

## 1-23 ഹരിത കർമ്മസേന പ്രവർത്തനങ്ങളിലെ അപാകതകൾ

സ.ഉ (സാധാ) നം. 2420/തസ്വഭവ/തി.15.07.2017 ഉത്തരവ് പ്രകാരം ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി 2018 മുതൽ ഹരിത കർമ്മ സേന രൂപീകരിച്ച് പ്രവർത്തിച്ച വരുന്നു. 17 വാർഡുകളിലായി 31 അംഗങ്ങളാണ് ഇതിൽ പ്രവർത്തിക്കുന്നത്. കൃത്യമായ ഇടവേളകളിൽ മാലിന്യം ശേഖരിച്ച് കയറ്റി അയച്ചു വരുന്നുണ്ട്. പ്ലാസ്റ്റിക്കും മറ്റ് മാലിന്യങ്ങളും ശേഖരിച്ച് വേർതിരിക്കുന്നതിന് മേപ്പയ്യൂർ ടൗണിൽ എം.സി.എഫ് കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്.

വാർഡുകളിൽ നിന്ന് മാലിന്യം എം.സി.എഫിലേക്ക് എത്തിക്കുന്നതിന് വാടകയ്ക്ക് വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായ പദ്ധതിയിൽ യൂണിഫോം, ഗ്ലൗസ്, മറ്റ് സുരക്ഷാ ഉപകരണങ്ങൾ എന്നിവ സേനാംഗങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നും മാലിന്യം ശേഖരിക്കുന്ന കാര്യത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനം പൊതുവേ തൃപ്തികരമാണ്. പഞ്ചായത്ത് പ്ലാസ്റ്റിക് ബൈലോ അംഗീകരിച്ചിട്ടുണ്ട്.

ക്ലീൻ കേരള എന്ന കമ്പനിയാണ് റിജക്റ്റഡ് വേസ്റ്റ് കൊണ്ടുപോകുന്നത്. ഇതിനായി സെക്രട്ടറിയുമായി എഗ്രിമെന്റ് വെച്ചിട്ടുണ്ട്. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതിയിൽ 786468/- രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്. ഇത് താരതമ്യേന കൂടിയ തുകയാണ്. യൂസർ ഫീ മുഴുവൻ പിരിച്ചെടുക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. 75 ശതമാനം തുക മാത്രമേ ഈ ഇനത്തിൽ പിരിച്ചെടുക്കാൻ സാധിക്കുന്നുള്ളൂ. യൂസർ ഫീ ഇനത്തിലെ മുഴുവൻ തുകയും പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വേർതിരിച്ച് കയറ്റിയയക്കുന്ന പ്ലാസ്റ്റിക്, പ്ലാസ്റ്റിക് ബോട്ടിൽ എന്നിവയുടെ 2023 ആഗസ്റ്റ് മാസം മുതലുള്ള തുക ഹരിതകർമ്മസേനയ്ക്ക് ലഭിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/22-23/08/11/23) മറുപടി നൽകിയിട്ടില്ല. ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-24 റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് വിശദാംശങ്ങൾ ലഭ്യമല്ല

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓഡിനേഷൻ കമ്മിറ്റിയുടെ 14.09.2021ന് നടന്ന യോഗത്തിലെ 4.11 നമ്പർ തീരുമാന പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിലെ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായി റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് തയ്യാറാക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായി Kerala State Remote Sensing And Enviornment Centre തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പ്ലാറ്റ് ഫോമിന്റെയും R-Track Mobile Applicationന്റെയും സേവനം പ്രയോജനപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പാക്കിയത് . പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | അസി.എഞ്ചിനിയർ |
| പ്രോജക്ട് നം. | 173/23 |
| അടങ്കൽ | 51000/- |
| ഫണ്ട് | തനത് ഫണ്ട് |
| ചെലവ് | 20400/- |
| ബിൽനം. തി. | 764/22/20.12.22 |

ഗ്രാമപഞ്ചായത്തിലെ റോഡുകളുടെ സർവ്വേ നടത്തുന്നതിനാണ് മേൽ തുക ചെലവഴിച്ചിരിക്കുന്നത്. ഇതിനായി സർവ്വേ നടത്തിയ ആളുകൾക്ക് മേൽ സൂചിപ്പിച്ച പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ ഇതിന്റെ ഭാഗമായി തയ്യാറാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയും ഹാജരാക്കിയിട്ടില്ല. വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/23/08.11.23) മറുപടി നൽകിയിട്ടില്ല. കാലികമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

### 1-25 കുടുംബാരോഗ്യ കേന്ദ്രം ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിൽ വീഴ്ച

2010 ലെ കേരള പഞ്ചായത്ത് രാജ് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി ചട്ടം 9 (1) പ്രകാരം ആശുപത്രി വികസന ഫണ്ടിന്റെ ഓഡിറ്റ് ലോക്കൽ ഫണ്ട് ഓഡിറ്റിൽ നിക്ഷിപ്തമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള മേപ്പയൂർ എഫ്.എച്ച്.സി - ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ വാർഷിക കണക്കുകൾ രൂപീകരിച്ചത് മുതൽ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. രോഗികളിൽ നിന്ന് വാങ്ങുന്ന ഒ.പി ടിക്കറ്റ് ചാർജ്, വിവിധ ലാബ് ടെസ്റ്റുകൾക്ക് ഈടാക്കുന്ന തുകകൾ, മറ്റ് വരുമാനങ്ങൾ എന്നിങ്ങനെ നിലവിൽ എച്ച്.എം.സിയുടെ വരുമാനം വർധിച്ചിട്ടുണ്ട്. ഇവ കൃത്യമായി പരിശോധിക്കപ്പെടാതെയിരിക്കുന്നത് ശരിയായ നടപടിയല്ല. വാർഷിക കണക്കുകൾ സമർപ്പിക്കാത്ത വിഷയത്തിൽ ഭരണ സമിതി അടിയന്തിരമായി ഇടപെടേണ്ടതും, കണക്കുകൾ സമർപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 07.11.2023 -08.11.2023 | ഇതേ നമ്പർ ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 44,000 | 58/22-23 പച്ചക്കറി കൂലിച്ചെലവ്(S.O) | 44,000 | 0 |
| | 2022-23 | 60,000 | 118/22-23 പച്ചക്കറി കൂലിച്ചെലവ് | 60,000 | 0 |
| | 2022-23 | 1,08,864 | 113/22-23 നെൽകൃഷി വികസനം | 1,08,864 | 0 |
| | 2022-23 | 1,25,000 | 56/22-23 നെൽകൃഷി വികസനം(SO) | 1,25,000 | 0 |
| | 2022-23 | 2,40,000 | ഇടവിള കൃഷി | 2,40,000 | 0 |
| | 2022-23 | 2,70,000 | 1/22-23 ലൈഫ് ഹൗസ് -ജനറൽ | 2,70,000 | 0 |
| | 2022-23 | 4,51,500 | 19/22-23.ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, | 4,51,500 | 0 |

| | | | | | |
|---|---|---|---|---|---|
| | | | യാത്രാബത്ത നൽകൽ | | |
| | 2021-22 | 5,19,508 | 179/22-23 അങ്കണവാടി കെട്ടിടനിർമ്മാണം | 5,19,508 | |
| | 2022-23 | 3,00,000 | 79/22-23 കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 3,00,000 | |
| | 2022-23 | 4,00,000 | 78/22-23 ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 4,00,000 | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 13,20,000 | 62/22-23 ലൈഫ് പട്ടികജാതി വിഭാഗം | 13,20,000 | 0 |
| | 2022-23 | 882207 | 1/22-23 ലൈഫ് ഹൗസ് -ജനറൽ | 882207 | 0 |
| | 2022-23 | 1,50,160 | 19/22-23 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്,യാത്രാബത്ത നൽകൽ | 1,50,160 | 0 |
| | 2022-23 | 550000 | 79/22-23 കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 550000 | |
| | 2022-23 | 15,00,000 | 78/22-23 ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 15,00,000 | |
| കോഴിക്കോട് കോർപ്പറേഷൻ | 2022-23 | 11,33,651 | 20/22-23കായലാട് നടേരി തോട് നവീകരണം (നഗരസഞ്ചയം) | 11,33,651 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇറിഗേഷൻ വകുപ്പ് | പ്രോജക്റ്റ് നം-69/22-23 ജനകീയ മുക്ക് കളരിക്കണ്ടി മുക്ക് റോഡ് | 1.ഓർഡർ നം-148/22-23 തുക -2094634<br>2.ഓർഡർ നം-148/22-23 തുക -505366 | 26,00,000 | 0 | 26,00,000 |
| ആകെ തുക | | | 26,00,000 | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ(എം.എസ്) 68/2018 Dtd-18.05.2018 | -- | 22408000 | 2626707 | | 19781293 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,83,13,527 |
| തൻവർഷം നിക്ഷേപിച്ച തുക | 12,91,491 |
| ആകെ | 1,96,05,018 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 18,20,703 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,77,84,315 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | തുക |
|---|---|---|
| 1 | ഇ.എം.എസ് ആശുപത്രി ഷെയർ | 10,000 |
| 2 | മേപ്പയ്യൂർ കോ-ഓപ്പറേറ്റീവ് ടൗൺ ബാങ്ക് | 1,12,67,026 |
| 3 | ട്രഷറി സേവിംഗ്സ് ബാങ്ക്, പയ്യോളി | 3,00,000 |
| 4 | ജില്ലാ സഹകരണ ബാങ്ക് കോഴിക്കോട്, മേപ്പയ്യൂർ | 0 |
| 5 | മേപ്പയ്യൂർ സർവ്വീസ് സഹകരണ ബാങ്ക്, മേപ്പയ്യൂർ | 62,07,289 |
| ആകെ | | 1,77,84,315 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം 20881/-രൂപ വരവുണ്ട്.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീതു നമ്പർ തീയതി |
|---|---|---|---|---|
| 2016-17 | 2-4 | 600 | സെക്രട്ടറി കൊഴുക്കല്ലൂർ മിൽക്ക് സൊസൈറ്റി | 1220101196/28-06-2022 |
| 2016-17 | 2-4 | 600 | സെക്രട്ടറി ക്ഷീരോത്പാദക സഹകരണ സംഘം | 1220101489/20-07-2022 |
| 2009-10 | 3-17 A | 480 | സെക്രട്ടറി മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് | 1220101526/20-07-2022 |

| | | | | |
|---|---|---|---|---|
| 2006-07 | 3-17 B | 2640 | സെക്രട്ടറി മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് | 1220101527/23-07-2022 |
| 2006-07 | 3-5 | 2400 | ശ്രീ.ഉമ്മർ, ഹെഡ്മാസ്റ്റർ | 1220101531/23-07-2022 |
| 2010-11 | 3-3 | 3951 | ശ്രീ.ഉമ്മർ, ഹെഡ്മാസ്റ്റർ | 1220101532/23-07-2022 |
| 2010-11 | 3-2 | 9850 | ശ്രീ.ഉമ്മർ, ഹെഡ്മാസ്റ്റർ | 1220101533/23-07-2022 |
| 2016-17 | 2-4 | 360 | സെക്രട്ടറി , മിൽക്ക് സൊസൈറ്റി ചങ്ങരംവെള്ളി | 1220101537/23-07-2022 |
| ആകെ തുക | | 20,881 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 33 | 2003-04 പൊതു പരാമർശം | 11.13.5.11 | മൈത്രി ഭവനപദ്ധതി | തടസ്സം തുടരുന്നു |
| 2000-01 (പദ്ധതി ചെലവ്) | 6 | 2004-05 പൊതു പരാമർശം | 11.1.4.7 | തൊഴിൽ പരിശീലന പദ്ധതികൾ | തടസ്സം തുടരുന്നു |
| 2000-01 | 8 | 2004-05 | 3.11.7.5.1 | കുടിവെള്ള പദ്ധതി-തുക അധികം നൽകി | ബഹു.ഹൈക്കോടതി വിധിയനുസരിച്ച്. നടപടി കെ എസ് ഇ ബി അധിക തുക ക്രമപ്പെടുത്താൻ നിർദ്ദേശം |

| | | | | | |
|---|---|---|---|---|---|
| | | 2012-13 അവലേകനം | 2.6.16 | ലൈബ്രറി കളുടെയും സാംസ്കാരിക നിലയത്തി ന്റെയും നടത്തിപ്പ് | തടസ്സം തുടരുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം4 | തൊഴിൽ നികുതി-അപാകതകൾ | തടസ്സം തുടരുന്നു |
| 2015-16 | 2-2 | 2016-17 | അനുബന്ധം5 | തൊഴിൽ നികുതി-അപാകതകൾ | തടസ്സം തുടരുന്നു |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ഓഡിറ്റ് വർഷം | സർചാർജ് സർട്ടിഫിക്കറ്റ് നം | ഖണ്ഡിക നം. | തുക | റിമാർക്സ് |
|---|---|---|---|---|
| 2000-01 | എൽ.എഫ്.14047/ സ്പെ.സെൽ/സിഎസ്സി /ഡി2/13 തീയതി-04.04.2014 | 8(1)(2) | 30916 | തുക ഈടാക്കി 1) 10000/- (രശീത് നം-11601400016 തീയതി-26.03.17) 2)10000/-(രശീത് നം-11601400009 തീയതി-30.12.16) 3)10000/-(രശീത് നം-117010500002 തീയതി-15.04.17) 4)916/-(രശീത് നം-117010500007 തീയതി-09.08.17) |

| | | | | |
|---|---|---|---|---|
| 2000-01 | എൽ.എഫ്.14047/ സ്പെ.സെൽ/ സിഎസ് സി/ ഡി2/13 തീയതി-04.04.2014 | 8(1)(2) | 30916 | 30916 രൂപ ഈടാക്കി (രശീത് നം-11401100224 തീയതി-12.05.14) |
| 2000-01 | എൽ.എഫ്.14047/ സ്പെ.സെൽ/ സിഎസ് സി/ഡി2/13 തീയതി-11.03.2014 | 8(4) | 28650 | 28650 രൂപ ഈടാക്കി (രശീത് നം-11501103719 തീയതി-14.12.15) |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(റസീറ്റ്&പേയ്മെന്റ് പ്രകാരം) | 4,69,81,275 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(റസീറ്റ്&പേയ്മെന്റ് പ്രകാരം) | 4,55,76,735 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|---|
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി6/ 1087/2022(12) തീ-06.02.2023 | 3 | 2-2,2-5,3-10 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി6/ 1087/2022(13) തീ-06.02.2023 | 1 | 2-2 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി6/ 1087/2022(14) തീ-06.02.2023 | 1 | 2-2 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/പി6/ 1087/2022(15) തീ-06.02.2023 | 4 | 2-2,3-2,3-11,3-4 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/പി6/ 1087/2022(16) തീ-06.02.2023 | 6 | 1-4,1-7,1-12, 1-13,1-18,1-8 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/പി6/ 770/2022 തീ-16.05.2023 | 27 | 1-2-1 (1,2,3,4, 5,6,7,9,10)1-10, 1-10-1, 1-11, 1-12, 1-15, 1-16, 1-17, 1-18, 1-19, 1-20(2,3,4,5), 1-21(1,5), 1-23, 1-24, 1-25, 1-26, 3-1, 3-2 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി/പി6/ 84/2023 തീ-21.07.2023 | 18 | 1-2-1 (9,12,15), 1-4-1, 1-11 മുതൽ 1-21 വരെ, 1-24, 3-1, 3-2 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി/പി6/ 84/2023 തീ-21.07.2023 | 18 | 1-2-1 (9,12,15), 1-4-1, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-24, 3-1, 3-2 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 208/2023 dated 06-07-2023 and submitted on 06-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Meppayoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Meppayoor Grama Panchayat for the year 2022-2023

Date: 23/11/2023

Deputy Director
District Office Kozhikode
Kerala State Audit Department

## Audit Report appended to the Audit Certificate of Meppayoor Grama Panchayat for the Year 2022-2023.

**1.Major Observations**

nil

**2.Other Observations**

(1)The following mandatory financial statements prescribed in accounting rules are not submitted for audit. Eg. Ratios

(2)Cash flow Statement- Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

(3)Missclassification receipt

(4)Lapses in making timely and accurate demand entries in respect of
tax and non tax revenue

(5)The demand registers are not periodically reconciled with accounts

(6)No authenticated worksheet available for the calculation of Depreciation provided for assets

(7)Non maintenance of registeràµ

eg-stock register

(8)Non-dosclosure of reciepts
Eg-E-tenderfee

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ മേപ്പയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്